അന്വേഷിച്ച ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് ഇതുവരെ സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. ഇപ്പോൾ ഈ റിപ്പോർട്ടിന് വേണ്ടി ജസ്റ്റിസ് ദാസ് ആവശ്യപ്പെട്ട് കഴിഞ്ഞു. സ്വാഭാവികമായും ഇത് ഇപ്പോൾ ഹൈക്കോടതിയിലേയ്ക്ക് കൊടുക്കേണ്ടി വരും. ആ കമ്മീഷൻ റിപ്പോർട്ടിന്റെ മുകളിലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കൂടി വയ്ക്കേണ്ടതാണ്. ഈ സഭയുടെ അംഗീകാരമില്ലാതെ, സഭയിൽ വയ്ക്കാതെ ഹൈക്കോടതിയിൽ അത് കൊടുക്കാൻ പാടില്ല. ഇപ്പോൾ തന്നെ വളരെ ഡിലേ വന്നിരിക്കുന്നു. എന്തുകൊണ്ടാണ് ഈ റിപ്പോർട്ട് വയ്ക്കാത്തത് എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് വിശദീകരണം നൽകേണ്ടത്.

മി. സ്പീക്കർ: ഇപ്പോൾ സി. എം. ഇല്ല. ഇക്കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: എന്റെ മണ്ഡലത്തിൽ നടന്ന ഒരു വിഷയമായതുകൊണ്ട് അത് ഈ സഭയുടെ മുൻപാകെ വച്ച് പരിശോധിക്കാനുള്ള അവസരമുണ്ടാക്കണം.

Mr. Speaker: Yes.....Yes. Legislative Business.

X നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: വിയോജനക്കുറിപ്പില്ല.

ശ്രീ. സി. ടി. അഹമ്മദ് അലി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഏറ്റവും ലാഭകരവും അതുപോലെതന്നെ ഏറ്റവും നന്നായി പ്രവർത്തിക്കുന്നതുമായ ഒന്നാണ് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം. ഇതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുമ്പോൾ അടുത്തകാലത്തായി നമ്മുടെ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുപോന്ന സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത വർദ്ധിപ്പിച്ച് ലാഭകരമാക്കി മാറ്റിയെടുക്കുക എന്നുള്ള നയത്തിന്റെയും അതുപോലെതന്നെ പ്രവർത്തനത്തിന്റെയും ഫലമാണ് ഇതെന്ന് ബോദ്ധ്യമാകും. ഇന്ന് വളരെ കാര്യക്ഷമതയോടുകൂടി നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരികയാണ്. നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ എടുക്കുന്ന താൽപ്പര്യം വളരെയേറെ അഭിനന്ദനം അർഹിക്കുന്നുവെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പൊതുമേഖലാസ്ഥാപനങ്ങൾ നശിക്കാനിടയായതിന് കാരണം നമുക്കറിയാം കാലാകാലങ്ങളിൽ വരുന്ന സർക്കാരുകൾ പലപ്പോഴും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും അതിന്റെ ഫലമായി സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുകയും ചെയ്തിരുന്ന അവസ്ഥയാണുണ്ടായിരുന്നത്. ഈ രണ്ടര വർഷത്തിനിടയ്ക്ക് നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ കർശനമായ അച്ചടക്കം പാലിക്കുകയുണ്ടായി. വി.ആർ.എസ്. പദ്ധതിയിലൂടെ ജീവനക്കാരുടെ എണ്ണം കുറയ്ക്കാനും, അധികജീവനക്കാരെ കഴിയാവുന്നിടത്തോളം നിയന്ത്രിക്കുവാനും അതോടൊപ്പം തന്നെ ജീവനക്കാരെ കൂടുതൽ നിയമിക്കാതെയിരിക്കാനും വളരെ കർശനമായ നിലപാട് സ്വീകരിച്ച ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. 1978 ജൂലൈ 1-ാം തീയതി മുതൽ 1984 മാർച്ച് 28-ാം തീയതി വരെയുള്ള കാലയളവിൽ കേരള ഓട്ടോമൊബൈൽസിലുണ്ടായ ഒഴിവുകളിൽ നടത്തിയിട്ടുള്ള എല്ലാ നിയമനങ്ങളും സാധൂകരിക്കുന്നതിനുള്ള ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ചർച്ചയാണ് ഈ ബില്ലിലൂടെ ഇവിടെ നടക്കുന്നത്. ഭരണകക്ഷിയും പ്രതിപക്ഷവും എല്ലാം തന്നെ ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് മുതിരുന്നതിൽ സന്തുഷ്ടരാണ്. ബഹുമാനപ്പെട്ട കേരള ഗവർണ്ണർ 2003 സെപ്റ്റംബർ 13-ാം തീയതി 2003-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ഓർഡിനൻസ് വിളംബരപ്പെടുത്തുകയും അത് 2003 സെപ്റ്റംബർ 15-ാം തീയതിയിലെ 1730-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2003-ലെ 5-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും അത് അന്ന് മുതൽ നടപ്പിൽവരികയും ചെയ്തിരിക്കുകയാണ്. മേൽ ഓർഡിനൻസിന് പകരമായുള്ള ആക്റ്റ്, അത് ഈ ബില്ലിലൂടെ ഈ സഭയിൽ പാസ്സാക്കുന്നതിന് വേണ്ടിയാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. ഈയവസരത്തിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഒന്ന്, രണ്ട് കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലും ഈ സഭയുടെ ശ്രദ്ധയിലും പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ പലതും നഷ്ടത്തിൽ പ്രവർത്തിക്കുകയാണ്. യാതൊരു വിധത്തിലുള്ള നിയന്ത്രണവുമില്ലാതെ,

അച്ചടക്കവുമില്ലാതെ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ കർശനമായ അച്ചടക്കവും അതുപോലെതന്നെ നിയന്ത്രണവും ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. എങ്കിൽ തീർച്ചയായും ഏതൊരു സ്ഥാപനത്തേയും നമുക്ക് വികസിപ്പിച്ചെടുക്കാൻ കഴിയും, അത് ലാഭകരമാക്കി മാറ്റിയെടുക്കാൻ കഴിയും. അതോടൊപ്പം തന്നെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് യാതൊരു വിധത്തിലുള്ള ബാങ്ക് വായ്പയുമില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

കഴിഞ്ഞ സാമ്പത്തിക വർഷം വളരെയേറെ ലാഭകരമായി പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു സ്ഥാപനമാണിത് എന്നതിനാൽ ഇതിന്റെ മാനേജ്മെന്റിനെയും സർക്കാരിനെയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയേയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇതുപോലെ ഓരോ വ്യവസായ സ്ഥാപനത്തെയും പൊതുമേഖലാ സ്ഥാപനത്തെയും നമുക്ക് മാറ്റിയെടുക്കാൻ കഴിഞ്ഞാൽ നന്നായിരുന്നു. വളരെയേറെ നഷ്ടത്തിൽ കഴിയുന്ന വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് ഗവൺമെന്റ് ഒരു പുനഃപരിശോധന നടത്തേണ്ടതുണ്ട്. വളരെയേറെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എങ്ങനെ പ്രവർത്തിപ്പിക്കണമെന്നതു സംബന്ധിച്ച് ഗവൺമെന്റിന് ഒരു പുനരാലോചന ആവശ്യമാണ്. അതേ അവസരത്തിൽ, വളരെ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ വിപുലീകരിക്കാനും ലാഭകരമായി പ്രവർത്തിക്കുന്നതിന്റെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ നഷ്ടത്തിൽ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ എന്ത് ചെയ്യണമെന്നതുസംബന്ധിച്ചുമെല്ലാം ഒരു പഠനം നടത്താൻ സർക്കാർ നടപടി സ്വീകരിക്കണം. പ്രത്യേകമായി ഒരു കമ്മീഷനെ വച്ചുകൊണ്ട് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ എങ്ങനെ പുനരുദ്ധരിക്കാൻ കഴിയുമെന്നും അല്ലെങ്കിൽ നഷ്ടത്തിൽ കഴിയുന്ന സ്ഥാപനങ്ങളെ എന്ത് ചെയ്യണമെന്നതു സംബന്ധിച്ചുമെല്ലാം തന്നെ പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ ജീവനക്കാരുടെ.....

<u>ശ്രീ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട സി.ടി. അഹമ്മദ് അലി കെ.എ.എൽ.-ന്റെ സാമ്പത്തികമായിട്ടുള്ള നിലയെസംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. ബഹുമാനപ്പെട്ട അങ്ങ് പറയുന്നത് നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനങ്ങളെപ്പറ്റി പഠിക്കുന്നതിന് ഒരു കമ്മീഷനെ വയ്ക്കണമെന്നാണ്. യു.ഡി.എഫ്.-ന്റെ ഒരു ഉപസമിതി തന്നെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടച്ചു പൂട്ടേണ്ടതില്ലായെന്നും അത് പുനരുദ്ധരിക്കുന്നതിന് ഞങ്ങൾ ഇന്നയിന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു എന്ന് പറഞ്ഞിട്ട് ഒരു റിപ്പോർട്ട് യു.ഡി.എഫ്.-ന് സമർപ്പിച്ചിട്ടുണ്ട്. ആ യു.ഡി.എഫ്.-ന്റെ ഉപസമിതി സമർപ്പിച്ച റിപ്പോർട്ട് അതേപടി നടപ്പിലാക്കണം, അതിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യസ്തമായ നിലപാടാണ് വ്യവസായ വകുപ്പുമന്ത്രി കൈക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട അങ്ങ് യു.ഡി.എഫ്.-ന്റെ ഉപസമിതിയുടെ റിപ്പോർട്ട് നടപ്പിലാക്കിക്കൊണ്ട് നഷ്ടംവന്നിട്ടുള്ള സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് ആവശ്യപ്പെടുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇത്തരത്തിലുള്ള ഉപസമിതികളുടെയും അതുപോലെതന്നെ ഇതുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുടേയുമെല്ലാം അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ വളരെ ആത്മാർത്ഥമായി പ്രവർത്തിച്ചുവരികയാണ്. താമസിയാതെ ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ ആവശ്യമായ പദ്ധതികൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആരംഭിക്കുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്. അതോടൊപ്പംതന്നെ നമ്മുടെ പല പൊതുമേഖലാ സ്ഥാപനങ്ങളുടേയും കണക്കുകൾ യഥാസമയം ഓഡിറ്റ് ചെയ്യുന്നില്ല. സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് തന്നെ അതിന്റെ ലാഭനഷ്ടക്കണക്കുകളും ഓഡിറ്റിംഗും നടത്തുന്നതിനാവശ്യമായ നടപടിയുണ്ടാക്കണം. ഇതിൽ കാലതാമസം വരുത്തുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ മാനേജ്മെന്റുകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ് കൃത്യമായി നടത്തുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ അധിക ജീവനക്കാരുള്ള സ്ഥാപനങ്ങളെ, തീർച്ചയായും പല സ്ഥാപനങ്ങളിലും ഇന്ന് ജീവനക്കാരുടെ എണ്ണം കൂടുതലാണ്. അതുകൊണ്ട് അവരെ പിരിച്ചുവിടണമെന്ന് ഞാൻ പറയുന്നില്ല. അതേ അവസരത്തിൽ തന്നെ ഇത്തരത്തിൽ അധിക ജീവനക്കാരെ ഏതെങ്കിലും ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പുതിയ യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് ആ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്തെ ഓരോ സ്ഥാപനത്തെ സംബന്ധിച്ചും ഒരു പഠനം നടത്തണം. അതിന്റെ ഉല്പാദനശേഷിയും ജീവനക്കാരുടെ എണ്ണവും ശരിക്ക് പഠിച്ച് അതിൽ കുറവ് ഉണ്ടെങ്കിൽ കൂടുതൽ ആളുകളെ നിയമിക്കാനും അതല്ല കൂടുതൽ ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ജീവനക്കാരെ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി നിയമിക്കാനും ആവശ്യമായ നടപടികളും ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകണം. ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ കാബിനറ്റിന്റെ പരിഗണനയിലുള്ള ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നമ്മുടെ സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്ന ഈ ഘട്ടത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പലതിലും ഇന്ന് സംവരണ തത്വം പാലിച്ചിട്ടില്ല. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും അതിലെ ജീവനക്കാരുടെ കണക്കുകൾ ശേഖരിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും ഈ സംവരണ തത്വം പൂർണ്ണമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പല സ്ഥാപനങ്ങളിലെ നിയമനങ്ങളിലും ഈ സംവരണ തത്വം പാലിക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം സ്ഥാപനങ്ങളിൽ ഇനി പുതുതായി നിയമനം നടത്തുന്ന ഘട്ടത്തിൽ സംവരണ തത്വം പാലിക്കുന്നതിനും അതോടൊപ്പംതന്നെ തികയാതെ വരുന്ന അവസരത്തിൽ മറ്റ് മാർഗ്ഗങ്ങളിലൂടെ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം. ഇപ്പോഴുള്ള സംവരണത്തിന്റെ കാര്യം പുതുക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇത്തരത്തിൽ സംവരണ തത്വം പൂർണ്ണമായി പാലിക്കാൻ കർശനമായ നടപടികൾ സ്വീകരിക്കണം. സാമൂദായിക അടിസ്ഥാനത്തിൽ എല്ലാ സ്ഥാപനങ്ങളിലും ഉള്ള ജീവനക്കാരുടെ ഒരു സ്ഥിതിവിവര കണക്ക് സർക്കാർ ശേഖരിക്കുകയും നിലവിലുള്ള ബാക്ക്‌ലോഗ് നികത്താൻ അടിയന്തിര

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

നടപടികൾ സ്വീകരിക്കുകയും ചെയ്യണം. അതോടൊപ്പം തന്നെ സ്വകാര്യ സ്ഥാപനങ്ങളിലും സംവരണ തത്വം പാലിക്കാൻ ആവശ്യമായ കർശനമായ നിർദ്ദേശം നൽകണം. പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമല്ല സർക്കാരിന്റെ സഹായംകൊണ്ട് പ്രവർത്തിക്കുന്ന നിരവധി സ്വകാര്യ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അത്തരം സ്ഥാപനങ്ങൾ പൂർണ്ണമായി സംവരണ തത്വം പാലിച്ചാൽ മാത്രമെ സർക്കാർ അവർക്ക് സഹായം നൽകാൻ പാടുള്ളൂ. സ്വകാര്യ സ്ഥാപനങ്ങളിലും സംവരണ തത്വം പാലിക്കാൻ ആവശ്യമായ കർശനമായ നിർദ്ദേശം സർക്കാർ നൽകണം. നമ്മുടെ ആശുപത്രികൾക്ക് ആവശ്യമുള്ള ബഡ്ഷീറ്റുകൾ അതുപോലെ സർക്കാർ സ്കൂളിലെ കുട്ടികൾക്കുള്ള യൂണിഫോമുകൾ തുടങ്ങി നമ്മുടെ സർക്കാരിന്റെ എല്ലാ സ്ഥാപനങ്ങളിലും ഹാന്റ് വീവ് പോലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങൾ നിർബന്ധമായി ഉപയോഗിക്കത്തക്കരീതിയിലുള്ള കർശനമായ നിർദ്ദേശം നൽകാൻ അവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായാൽ നഷ്ടത്തിൽ കഴിയുന്ന പല സ്ഥാപനങ്ങളെയും രക്ഷപ്പെടുത്താൻ കഴിയും. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട്, ഇത്തരത്തിൽ ഒരു നിയമനിർമ്മാണത്തിന് സർക്കാർ മുന്നോട്ട് വന്നതിൽ സർക്കാരിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

Mr. Deputy Speaker: Shri C.K. Nanu, ...not in the seat, Prof. A.D. Musthafa,.... not in the seat, Shri P.T. Thomas,.....not in the seat, Shri N. Rajan, ...not in the seat, Shri K.N.A. Khader,.....not in the seat, Smt. Elizabeth Mammen Mathai,.....not in the seat, Shri B. Vijayakumar,.....not in the seat, Smt. Girija Surendran,.....not in the seat, Shri George J. Mathew,.....not in the seat, Shri Thomas Chazhikadan,.....not in the seat, Shri N.D. Appachan,.....not in the seat, Shri Mathai Chacko,..not in the seat, Shri T.U. Radhakrishnan,.....not in the seat,.....ആരെങ്കിലും മൂവ് ചെയ്യണം.

11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാര മുള്ള 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞ കാര്യങ്ങൾ തീർച്ചയായും ഗവണ്മെന്റിന്റെ പരിഗണനയിലുള്ള വിഷയങ്ങളാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലും ഗവണ്മെന്റ് സഹായം നൽകുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ ഒക്കെ സംവരണ തത്വം പാലിക്കണമെന്ന കാര്യം അദ്ദേഹം ഇവിടെ വിശദീകരിച്ചു. അതുപോലെ ബാക്ക് ലോഗ് പരിഹരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉണ്ടാകണമെന്ന് പറഞ്ഞു. ഏതായാലും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ക്യാബിനറ്റിന്റെ പരിഗണനയിലിരിക്കുക യാണ്. ഈ വിഷയങ്ങളൊക്കെ ഗവണ്മെന്റ് ഗൗരവപൂർവ്വം കാണുന്നുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽപ്പോലും വിയോജനക്കുറിപ്പില്ലാതെ വന്നിട്ടുള്ള ഒരു അമെൻഡ്മെൻഡ് ആക്ട് ആയതുകൊണ്ട് ഇത് പരിഗണിക്കണമെന്ന് പറഞ്ഞുകൊണ്ട് മറ്റ് നടപടിക്രമങ്ങളിലേക്ക് പോകാമെന്ന നിർദ്ദേശത്തോടുകൂടി അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 2 (ബി) ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ,.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനിപറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്. Shri Kovoor Kunjumon,.....not in the seat, Shri E.M. Augusthy,.....not in the seat. Shri M.V. Jayarajan,.....

ശ്രീ. എം. വി. ജയരാജൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(111) ഖണ്ഡം 2-ന് ആ ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം എന്ന് നമ്പർ നൽകുകയും താഴെ പറയുന്നത് ഉപഖണ്ഡം (2) ആയി ചേർക്കുകയും ചെയ്യുക:

"(2) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിലെ ജീവനക്കാരുടെ പ്രൊമോഷന് വേണ്ട വ്യവസ്ഥകൾ നിലവിലില്ലാത്തതിനാലും അത്തരം വ്യവസ്ഥകൾ ജീവനക്കാരുടെ പ്രൊമോഷൻ ആനുകൂല്യങ്ങൾക്ക് നിർബന്ധമാണെന്നതിനാലും ആയതിനുവേണ്ട ചട്ടങ്ങൾക്ക് രൂപം നൽകുന്നതിന് സർക്കാരിലെ വ്യവസായ വകുപ്പിനെ ചുമതലപ്പെടുത്തുന്നു".

അങ്ങ് എല്ലാ ദിവസവും പോകുന്ന വഴിയിലുള്ള ഒരു സ്ഥാപനമാണ്. അതുകൊണ്ട് അങ്ങയോട് അവിടെയുള്ള ജീവനക്കാർ പറഞ്ഞ കാര്യം ഞാൻ ഈ സഭയെ അറിയിക്കുന്നു. അവിടെ ഇപ്പോൾ ജീവനക്കാരുടെ നിയമനം സാധൂകരിക്കുന്നതിനാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. എന്റെ 111-ാം നമ്പർ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്, ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ച് വ്യക്തമായിട്ടുള്ള മാനദണ്ഡവും വ്യവസ്ഥയും നിലവിലില്ല. അതുകൊണ്ട് അതിനുള്ള വ്യവസ്ഥയുണ്ടാകണം എന്നാണ്. അതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ വ്യവസായ വകുപ്പിനെ ചുമതലപ്പെടുത്തണമെന്നതാണ്. അത് അങ്ങേക്ക് സ്വീകരിക്കാവുന്നതേയുള്ളൂ. അങ്ങ് എന്നുപറയുമ്പോൾ വ്യവസായവകുപ്പു മന്ത്രിക്കുവേണ്ടി കാര്യങ്ങൾ ചെയ്യുന്ന കറുത്ത വസ്ത്രധാരിയായ എന്നാൽ വെളുത്ത മനുഷ്യനായ നമ്മുടെ മന്ത്രിക്ക് സ്വീകരിക്കാവുന്ന കാര്യമേയുള്ളൂ.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): ഇത് യഥാർത്ഥത്തിൽ പ്രൊമോഷൻ വ്യവസ്ഥചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബിൽ അല്ല. പ്രധാനമായും ഇവിടെ സൂചിപ്പിച്ചതുപോലെ നിയമനം സാധൂകരിക്കുന്നതിനുവേണ്ടി പ്രത്യേകമായി കൊണ്ടുവന്ന ബിൽ ആയതുകൊണ്ട് ഇത് സ്വീകരിക്കാൻ സാദ്ധ്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: 3-ാം വകുപ്പിൽ ഭേദഗതിയില്ല. 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനിപറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(97) ബില്ലിന്റെ ശീർഷകം "2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കലും പ്രൊമോഷൻ വ്യവസ്ഥ ചെയ്യലും) ബിൽ" എന്ന് ഭേദഗതി ചെയ്യുക.

(99) ദീർഘശീർഷകത്തിൽ "സാധൂകരിക്കുന്നതിനുള്ള" എന്ന വാക്ക് ഒഴിവാക്കുകയും പകരം "സാധൂകരിക്കുന്നതിനും പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ പ്രൊമോഷൻ വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ള" എന്നീ വാക്കുകൾ കൂടി ചേർക്കുകയും ചെയ്യുക.

(107) പീഠികയിലെ 6-ാം ഖണ്ഡികയിൽ "യുക്തമായിരിക്കുന്നതിനാലും" എന്ന വാക്കിന് ശേഷം "ജീവനക്കാർക്ക് ലഭിക്കേണ്ട പ്രൊമോഷൻ നിയമംമൂലം വ്യവസ്ഥ ചെയ്യേണ്ടതിനാലും" എന്നീ വാക്കുകൾ കൂടി ചേർക്കുക.

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി കാര്യങ്ങൾ ചെയ്യുന്ന മന്ത്രി സദീകരിക്കുന്നില്ല എന്നുള്ളതുകൊണ്ട് സംസാരിച്ചിട്ട് കാര്യമില്ല.

Mr. Deputy Speaker: Shri K. P. Mohanan,.....

ശ്രീ. കെ. പി. മോഹനൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(100) ദീർഘശീർഷകത്തിൽ "ജീവനക്കാരുടെ നിയമനം സാധൂകരിക്കുന്നതിനുള്ള" എന്നതിനുപകരം "ജീവനക്കാരുടെ നിയമനം സാധൂകരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള" എന്ന് ചേർക്കുക.

Mr. Deputy Speaker: Shri V. D. Satheesan,.....not in the seat, Shri Dominic Presentation,.....not in the seat, Shri P. T. Thomas,.....not in the seat, Shri V. Balaram,.....not in the seat.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): ഇതിൽ ആദ്യം സൂചിപ്പിച്ചതുപോലെ പ്രൊമോഷൻ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബിൽ അല്ലാത്തതുകൊണ്ടും അതുപോലെ സ്വീകാര്യമായ അമെന്റ്മെന്റ്സ് ഒന്നും ഇവിടെ അവതരിപ്പിക്കാത്ത സാഹചര്യത്തിലും അവതരിപ്പിച്ചവ സ്വീകാര്യമല്ലാത്തതിനാലും മറ്റ് കാര്യങ്ങളൊക്കെ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചു വന്നിട്ടുള്ള ബില്ലിൽ പറഞ്ഞിട്ടുള്ള രീതിയിൽ തന്നെ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 97,99,107 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 100-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരള ഓട്ടോമൊബൈൽസിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഒരു ബില്ലാണിത്. കെയ്കോ, എൻകോസ് എന്നീ രണ്ട് സ്ഥാപനങ്ങൾ ഏകോപിപ്പിച്ചാണ് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് രൂപവൽക്കരിക്കുന്നത്. ഈ രണ്ട് സ്ഥാപനങ്ങളേയും കേരള ഓട്ടോമൊബൈൽസ് ആയി യോജിപ്പിക്കുമ്പോൾ അതിൽ രണ്ടിലും മുമ്പ് ജോലി ചെയ്തുകൊണ്ടിരുന്ന ആളുകളെ സ്ഥിരപ്പെടുത്തിക്കൊള്ളാമെന്നുള്ള ഉറപ്പ് നൽകിക്കൊണ്ടാണ് അവിടത്തെ തൊഴിലാളികളെ ആദ്യം ഗവണ്മെന്റ് സമാധാനിപ്പിച്ചത്. എന്നാൽ അതിൽ 49 തൊഴിലാളികളെ ഓട്ടോമൊബൈൽസ് രൂപവൽക്കരിച്ചപ്പോൾ എടുത്തില്ല. ഒരു വിഭാഗം തൊഴിലാളികളെ പുതുതായി എടുത്തുകൊണ്ടും അതിലുണ്ടായിരുന്ന മറ്റ് ആളുകളെ വച്ചുകൊണ്ടുമാണ് ഓട്ടോമൊബൈൽസ് പ്രവർത്തനം ആരംഭിച്ചത്. എടുക്കാതിരുന്ന തൊഴിലാളികൾ

പല തരത്തിലുള്ള നിവേദനങ്ങളും ഗവണ്മെന്റിൽ നടത്തിയെങ്കിലും അതൊന്നും ഫലപ്പെട്ടില്ല. അതിനെത്തുടർന്ന് പാവപ്പെട്ട 49 തൊഴിലാളികളും കൂടി അവരുടെ കുടുംബം വിറ്റും കടംവാങ്ങിയും കേരള ഹൈക്കോടതിയേയും സുപ്രീംകോടതിയേയും സമീപിക്കുകയും അവരെ തിരിച്ചെടുക്കണമെന്നുള്ള വിധി രണ്ട് കോടതികളും ഇതിനകം നൽകുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള വിധി മറികടക്കുന്നതിനുവേണ്ടി നിർഭാഗ്യവശാൽ ഈ ബിൽ ആദ്യം ഗവർണ്ണറുടെ ഓർഡിനൻസായും ഇപ്പോൾ ബില്ലായും വന്നിരിക്കുകയാണ്.

ഇത് ഇപ്പോൾ അവസാനഘട്ടത്തിൽ എത്തി, ഈ ബില്ല് ഏകദേശം പാസായി കഴിഞ്ഞല്ലോ. മൂന്നാം വായന എന്നു പറയുമ്പോൾ ഔപചാരികമായിട്ടുള്ള ഒന്ന് മാത്രമേയുള്ളൂ. കാര്യമായ എതിർപ്പുകളൊന്നും ഇല്ലാതെ ഗവൺമെന്റിന് ഈ ഓർഡിനൻസ് നിയമമാക്കാനുള്ള സൗകര്യം ഇപ്പോൾ വന്നുചേർന്നിരിക്കുകയാണ്. എനിക്ക് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോടും ഇത് അവതരിപ്പിക്കുന്ന, അവസാനം ഇതിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയോടും, ഇത് പൈലറ്റ് ചെയ്തിരിക്കുന്ന വ്യവസായ വകുപ്പുമന്ത്രിയോടും, ഗവൺമെന്റിനോടും പറയാനുള്ളത്—അവസാനഘട്ടത്തിലാണ് ഈ പാവപ്പെട്ട തൊഴിലാളികൾ ഈ പ്രശ്നം എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഹൈക്കോടതിയുടേയും, സുപ്രീം കോടതിയുടേയും വിധിയുടെ സ്പിരിറ്റ് അംഗീകരിക്കുന്ന നിലയിൽ ഈ ബിൽ പരിഗണിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ആ നിലയിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും, അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് ആശിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പ് മന്ത്രി (ശ്രീ. എം. കെ. മുനീർ): ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ സ്പിരിറ്റിനോട് ഞാൻ യോജിക്കുകയാണ്. ഈ നിയമം കൊണ്ടുവരുന്നത് പ്രത്യേക ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഈ പറഞ്ഞപോലെ മുൻപ് ഉണ്ടായിരുന്ന തൊഴിലാളികൾക്ക് ഇതിനകത്ത് വീണ്ടും വരാനുള്ള അവസരം കൊടുത്തിരുന്നു. 1988-ൽ ഇത് പത്രത്തിലൊക്കെ പ്രസിദ്ധീകരിച്ച് ടെസ്റ്റ് നടത്തി ഇതിൽ യോഗ്യത തെളിയിച്ചിട്ടുള്ള ആളുകളെയൊക്കെ ആ ഘട്ടത്തിൽ എടുക്കുകയും ചെയ്തിട്ടുണ്ട്. അതിൽ ഇവിടെ പറഞ്ഞപോലെ കമ്മ്യൂണൽ റൊട്ടേഷന്റെ വിഷയം വരികയും, കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ച് 1983-ന് ശേഷം എടുത്ത ആളുകളുടെ കാര്യത്തിൽ തീരുമാനം എടുക്കാൻ പോകുമ്പോൾ ഇതിനെ ക്യാഷ് ചെയ്തുകൊണ്ടുള്ള വിധിയാണ് വന്നത്. ഈ വിധി നിലനിൽക്കേ ഈ പറഞ്ഞ നിയമനങ്ങൾ സാധൂകരിച്ച് കിട്ടണമെങ്കിൽ ഇതുപോലുള്ള അമെന്റ്മെന്റ് ആവശ്യമായി വന്നതുകൊണ്ടാണ് ഇത് കൊണ്ടുവരേണ്ടി വന്നിട്ടുള്ളത്. മറ്റുള്ള കാര്യങ്ങൾ ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കുമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ പാസാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസായിരിക്കുന്നു.

(2) 2004-ലെ കേരള ടോൾ (ഭേദഗതി) ബിൽ

മരാമത്ത് വകുപ്പ് മന്ത്രി (ശ്രീ. എം. കെ. മുനീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ടോൾ ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

Mr. Deputy Speaker: Are you speaking?

ശ്രീ. എം. കെ. മുനീർ: സർ, ഇല്ല.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, കേരള ടോൾ ഭേദഗതി ബില്ലിന്റെ ഒറിജിനൽ 1976-ലാണ് അവതരിപ്പിക്കപ്പെട്ടത്. 28 വർഷം മുൻപ് ഈ സഭ ചർച്ച ചെയ്ത് അംഗീകരിച്ച ബില്ലാണ് 1977-ൽ Act ആയത്. ഈ ടോൾ ഏർപ്പെടുത്തുമ്പോൾ പരമാവധി സാധാരണക്കാരായ ജനങ്ങൾക്ക് അമിതമായ സാമ്പത്തിക ബാധ്യത ഏൽപ്പിക്കാത്ത ഒരു സംവിധാനം ഉണ്ടാകണമെന്നാണ് ഉദ്ദേശിച്ചിരുന്നതെന്നാണ് 1976-ൽ, 28 വർഷം മുൻപുള്ള ഈ സഭയിലെ ചർച്ചകളുടെ രേഖകൾ പരിശോധിച്ചാൽ മനസ്സിലാകുന്നത്. ഇപ്പോൾ ഉയർന്നുവരുന്നത് ജനങ്ങളുടെ മേൽ അമിതമായ ഭാരം അടിച്ചേൽപ്പിക്കാനുള്ള സമീപനമാണ്. ടോൾ ആയാലും ബി.ഒ.ടി. ആയാലും സ്വകാര്യവൽക്കരണമായാലും ഒരു നാടിന്റെ എല്ലാ വികസന പ്രവർത്തനങ്ങൾക്കും മുഖ്യ സാമ്പത്തിക ചുമതല സർക്കാർ ഏറ്റെടുക്കുന്നതിന് പകരം ജനങ്ങൾ തന്നെ ഏറ്റെടുക്കണമെന്നുള്ള സമീപനമാണ് പുതിയ സാഹചര്യത്തിൽ ഉയർന്നു കാണുന്നത്. ഇത് ജനാധിപത്യ സംവിധാനത്തിൽ അംഗീകരിക്കാൻ കഴിയാത്തതാണ്. സ്വകാര്യവൽക്കരണത്തെ പൂർണ്ണമായും എതിർത്തുകൊണ്ടല്ല പറയുന്നത്. ചില മേഖലകളിൽ സ്വകാര്യവൽക്കരണം ആവശ്യമായി വരും. ബി.ഒ.ടി. സംവിധാനം ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തിന്റെ ചില മേഖലകളിൽ അതു നടപ്പിലാക്കുന്നത് പ്രായോഗികമായിരിക്കും. പരമാവധി സാധാരണക്കാരായ ജനങ്ങൾക്ക് അമിത സാമ്പത്തിക ഭാരം ഏൽപ്പിക്കാൻ കഴിയാത്ത നിലയിൽ ഈ കാര്യങ്ങൾ നടപ്പിലാക്കണമെന്നതാണ് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനം.

LIBRARY ARCHIVES Kerala Legislative Assembly